**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 613** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഇന്റേൺസിന്റെ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായകരമായ രീതിയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിശ്ചയിച്ചിട്ടുള്ള ഇന്റേൺസിന്റെ സേവനങ്ങൾ നിശ്ചിത ഇടവേളകളിൽ പരിശോധിക്കാറുണ്ടോ; അറിയിക്കാമോ; | (എ) | ഉണ്ട്. ജില്ലാ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും ഇന്റേണുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് റിവ്യൂ മീറ്റിങ്ങുകൾ നടത്തുന്നു. കൂടാതെ ഇന്റേണുകളുടെ ശേഷി വികസനത്തിന്റെ ഭാഗമായി നിരവധി അസൈൻമെന്റ്കളും നൽകി വരുന്നുണ്ട്. കേരളാ ഡിജിറ്റൽ യുണിവേഴ്സിറ്റിയുമായി ചേർന്ന് “ Post Graduate Certificate Program in Entrepreneurship” എന്ന ഒരു കോഴ്സും ഇന്റേണുകൾക്ക് നൽകി വരുന്നുണ്ട്. |
| (ബി) | സാമ്പത്തിക സഹായങ്ങൾ സംരംഭകന് ലഭ്യമാക്കുന്നതിനപ്പുറം സാങ്കേതിക സഹായങ്ങളും നിർദ്ദേശങ്ങളും നൽകാൻ കഴിയുന്ന രീതിയിൽ ഇന്റേൺസിനെ മാറ്റിയെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സ്വീകരിക്കുന്നുണ്ട്. സാമ്പത്തിക സഹായങ്ങൾ സംരംഭകന് ലഭ്യമാക്കുന്നതിനപ്പുറം സാങ്കേതിക സഹായങ്ങളും നിർദ്ദേശങ്ങളും നൽകാൻ കഴിയുന്ന രീതിയിൽ ഇന്റേൺസിനെ മാറ്റിയെടുക്കുന്നതിനു വേണ്ടി ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുമായി ചേർന്ന് " Post Graduate Certificate Programme in Small Business Management " കോഴ്സ് നടത്തുന്നുണ്ട് പ്രസ്തുത കോഴ്സിന്റെ രണ്ടു ബാച്ചുകൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. മൂന്നാം ബാച്ച് ഫെബ്രുവരി ആദ്യ വാരം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്റേൺസിനെ അവരുടെ ഉത്തരവാദിത്തങ്ങൾ ഫലപ്രദമായി നിർവഹിക്കുന്നതിന് ഈ കോഴ്സ് പിന്തുണ നൽകുന്നു. അത് വഴി വകുപ്പിന്റെ പ്രവർത്തങ്ങൾ കൂടുതൽ സംരംഭകരിലേക്കു എത്തിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ